# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 513- 5/6/2018-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ സി.ദിവാകരൻ<br>ശ്രീ ആർ.രാമചന്ദ്രൻ<br>ശ്രീ ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീ മുഹമ്മദ് മുഹസിൻ.പി | ഡോ. ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |

## പതിനഞ്ചാം കേന്ദ്രധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| (എ) പതിനഞ്ചാം കേന്ദ്രധനകാര്യ കമ്മീഷന്റെ പരിഗണനാവിഷയങ്ങൾ മാറ്റുന്നതിന് സംസ്ഥാനം നിവേദനം സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിലെ സംസ്ഥാനത്തിന് ദോഷകരമായ നിർദ്ദേശങ്ങൾ പരിഹരിക്കുന്നതിനായി ദക്ഷിണേന്ത്യൻ ധനമന്ത്രിമാരുടെ നേതൃത്വത്തിൽ ബഹു.രാഷ്ട്രപതിക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ കേരളം സന്ദർശിച്ചപ്പോൾ കേരളത്തിന്റെ ആവശ്യങ്ങൾ ഉൾപ്പെടുത്തി കൊണ്ട് മെമ്മൊറാണ്ടം സമർപ്പിച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാനങ്ങളുടെ വായ്പ എടുക്കാനുള്ള അവകാശത്തിൽ കേന്ദ്രം എന്തെങ്കിലും പുതിയ നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | നിലവിൽ നിബന്ധനകൾ ഒന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല |
| (സി) ധനകമ്മീഷനുകളുടെ അടിസ്ഥാനമാനദണ്ഡം 2011 ലെ സെൻസസ് ആക്കുന്നത് സംസ്ഥാനത്തിനെ ഏതൊക്കെ തരത്തിൽ ദോഷകരമായി ബാധിക്കുമെന്ന് വ്യക്തമാക്കുമോ; | വിഭവകൈമാറ്റത്തിന് 2011-ലെ ജനസംഖ്യ മാനദണ്ഡമാക്കുകയാണെങ്കിൽ ജനസംഖ്യ നിയന്ത്രണത്തിൽ വിജയം കൈവരിച്ച കേരളം ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ നികുതി വിഹിതത്തിൽ ഗണ്യമായ കുറവ് ഉണ്ടായേക്കും. 1971 ജനസംഖ്യക്ക് ആപേക്ഷികമായി ജനസംഖ്യ നിയന്ത്രണത്തിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾക്ക് ജനസംഖ്യക്ക് നൽകുന്നതിന് തുല്യമായ വെയ്റ്റേജ് നൽകി സംസ്ഥാനങ്ങൾക്കിടയിലെ നികുതി വീതം വെയ്ക്കൽ നിർണ്ണയിക്കണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| (ഡി) ധനവിന്യാസത്തിൽ സംസ്ഥാനങ്ങളുടെ വിഹിതം വെട്ടികുറയ്ക്കുന്നതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കുമോ ? | പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിലെ സംസ്ഥാനത്തിന് ദോഷകരമായ നിർദ്ദേശങ്ങൾ കമ്മീഷന്റെ ശ്രദ്ധയിൽ പെടുത്തി അവ പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കൊണ്ട് കമ്മീഷന് മെമ്മൊറാണ്ടം സമർപ്പിച്ചിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ